അനുബന്ധം

**ശ്രദ്ധക്ഷണിക്കൽ**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പരിഷ്കരണത്തിലെ അപാകതകൾ സംബന്ധിച്ച് ശ്രീ. സി. കെ. ഹരീന്ദ്രൻ എം.എൽ.എ.-യുടെ ശ്രദ്ധക്ഷണിക്കലിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടി

അവിദഗ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള ഗ്രാമീണ കുടുംബങ്ങൾക്ക് ഒരു സാമ്പത്തിക വർഷം 100 തൊഴിൽദിനങ്ങൾ നിയമപരമായി ഉറപ്പുനൽകുന്ന ആവശ്യാധിഷ്ഠിത പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. 2005-ലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം മുഖേന പ്രാബല്യത്തിൽവന്ന പ്രസ്തുത പദ്ധതി കേരളത്തിൽ ആരംഭിച്ചത് 2006-ൽ ആണ്.

ഭരണഘടനയുടെ 41-ാം അനുച്ഛേദപ്രകാരം അവകാശധിഷ്ഠിതമായി തൊഴിൽ നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടാക്കേണ്ടതുണ്ട്. ഭരണഘടനാ നിർദേശം പാലിക്കുന്നതിനും ഗ്രാമീണ മേഖലയിലെ ദാരിദ്ര്യത്തിന് പരിഹാരമുണ്ടാക്കുന്നതിനുംവേണ്ടി ഇടതുപക്ഷത്തിന്റെ പിന്തുണയോടെ

പ്രവർത്തിച്ച യു.പി.എ. സർക്കാരാണ് 2005-ൽ തൊഴിലുറപ്പ് നിയമം കൊണ്ടുവന്നത്. തുടർന്ന് 2009-ൽ നിയമത്തിന്റെ പേര് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം എന്ന് മാറ്റുകയുണ്ടായി.

ഒരു ആവശ്യാധിഷ്ഠിത പദ്ധതി എന്ന നിലയിൽ എത്ര തൊഴിൽ ആവശ്യകതയുണ്ടോ അത്രയും തൊഴിൽ തൊഴിലാളികളുടെ അവകാശങ്ങളും സ്വാഭിമാനവും ഉയർത്തിപ്പിടിച്ചുകൊണ്ട് സംസ്ഥാനങ്ങൾക്ക് നടപ്പാക്കാൻ പറ്റുന്ന ഒരു കേന്ദ്ര പദ്ധതിയാണിത്. നിശ്ചിത സമയത്തിനകം തൊഴിൽ നൽകിയില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം, വേതനം താമസിച്ചാലുള്ള നഷ്ടപരിഹാരം, തൊഴിൽ സ്ഥലത്തുവച്ചുണ്ടാകുന്ന അപകടങ്ങൾക്കുള്ള ചികിത്സാ സഹായം, ഓംബുഡ്സ്മാൻ ഉൾപ്പെടെയുള്ള പരാതി പരിഹാര സംവിധാനങ്ങൾ, സോഷ്യൽ ഓഡിറ്റ് തുടങ്ങി തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള വിവിധ വ്യവസ്ഥകൾ എന്നിവ തൊഴിലുറപ്പ് നിയമത്തിന്റെ സവിശേഷതയായിരുന്നു.

നിയമപ്രകാരം വിഹിത നിയന്ത്രണമില്ലാത്ത ഈ പദ്ധതി മികച്ച

രീതിയിൽ നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. സംസ്ഥാനത്ത് നിലവിൽ 40.44 ലക്ഷം കുടുംബങ്ങളിലായി 59.41 ലക്ഷം തൊഴിലാളികളാണ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്. ഇതിൽ 19.4 ലക്ഷം കുടുംബങ്ങളിലായി 22.63 ലക്ഷം തൊഴിലാളികൾ പദ്ധതിയിൽ സജീവമാണ്. ഇതിൽ 16.91 ശതമാനം പട്ടികജാതി വിഭാഗക്കാരും 5.72 ശതമാനം പട്ടികവർഗ വിഭാഗക്കാരുമാണ്.

2021-22 മുതൽ 2024-25 വരെ വർഷങ്ങളിൽ 10, 9.5, 10.5, 6 കോടി വീതം തൊഴിൽ ദിനങ്ങൾ അന്തിമമായി അനുവദിക്കപ്പെട്ടതിൽ യഥാക്രമം 10.5966, 9.5501, 9.796, 8.9515 വീതം തൊഴിൽദിനങ്ങൾ സംസ്ഥാനം നൽകുകയുണ്ടായി. 2024-25-ൽ ദേശീയ ശരാശരി 50.23 തൊഴിൽദിനങ്ങളായിരിക്കെ സംസ്ഥാനം 66.17 ശരാശരി തൊഴിൽദിനങ്ങൾ നൽകി. 13.72 ലക്ഷം കുടുംബങ്ങളിലായി 15.4 ലക്ഷം തൊഴിലാളികൾ ജോലി ചെയ്യുകയും അതിൽ 519619 കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകുകയുമുണ്ടായി.

ഇതുൾപ്പെടെ ഏറ്റവും കൂടുതൽ കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ

നൽകാൻ കഴിഞ്ഞ സംസ്ഥാനം, പട്ടികജാതി - പട്ടികവർഗ കുടുംബങ്ങൾക്ക് നൽകിയ തൊഴിൽദിനങ്ങൾ എന്നിങ്ങനെ ഏറെ ഘടകങ്ങളിൽ ദേശീയ തലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങളിൽ എത്തിയ സംസ്ഥാനം, 100 ശതമാനം സോഷ്യൽ ഓഡിറ്റ് നടപ്പാക്കുകയും എല്ലാ ജില്ലകളിലും ഓംബുഡ്സ്മാന്മാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

തൊഴിലാളികളെ പിന്തുണക്കുന്നതും ചേർത്തുപിടിക്കുന്നതുമായ പല പ്രവർത്തനങ്ങളും നമ്മുടെ സംസ്ഥാനം സ്വയം ഏറ്റെടുത്ത് നടപ്പിലാക്കി മാതൃകയായിട്ടുണ്ട്. പട്ടികവർഗ കുടുംബങ്ങൾക്ക് നൽകിയ അധിക 100 ദിവസ തൊഴിൽ നൽകുന്നതിനുള്ള ട്രൈബൽ പ്ലസ് പദ്ധതി നടപ്പാക്കുകയും തൊട്ട് മുൻവർഷം 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുന്ന കുടുംബങ്ങൾക്ക് ഉത്സവബത്തയായി 1,200 രൂപ നൽകുകയും ചെയ്തു. നഗര മേഖലയിൽ സംസ്ഥാന ബജറ്റിൽ തുക വകയിരുത്തി അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുകയും പ്രസ്തുത തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തി തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി രൂപപ്പെടുത്തുകയും ചെയ്തു.

ഈ സാഹചര്യത്തിലും 2024-25, 2025-26 വർഷങ്ങളിൽ സംസ്ഥാനത്തിന്റെ തൊഴിൽദിന ആവശ്യകതയുടെ പകുതിപോലും കേന്ദ്രം ആദ്യഘട്ടത്തിൽ അനുവദിച്ച് നൽകിയിരുന്നില്ല. 2025-26-ൽ ആദ്യം അനുവദിച്ചത് അഞ്ച് കോടി തൊഴിൽദിനങ്ങൾ മാത്രമായിരുന്നു. നിരന്തര ആവശ്യത്തിന്റെ ഭാഗമായി, നിലവിലെ നിയമപ്രകാരം തൊഴിലുറപ്പ് പദ്ധതി ഒരു Demand Driven പദ്ധതിയായതിനാലും തുക നൽകാൻ കേന്ദ്രം ബാധ്യസ്ഥമായതിനാലും ഇപ്പോൾ അത് ഒൻപത് കോടി തൊഴിൽദിനങ്ങളായി വർധിപ്പിച്ചിട്ടുണ്ട്.

ഈ വർഷം നാളിതുവരെ 13.41 ലക്ഷം തൊഴിലാളികൾ ജോലി ചെയ്യുകയും 109612 കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകുകയും 6.2345 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും 2692.226 കോടി രൂപ സംസ്ഥാനത്ത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതേ സമയം പല വിധത്തിൽ നിലവിലുള്ള പദ്ധതിയെ ദുർബലമാക്കിക്കൊണ്ടിരുന്ന കേന്ദ്രം, വേതന ഇനത്തിൽ 652.06 കോടി രൂപയും സാധനസാമഗ്രി ഇനത്തിൽ 253.94 കോടി രൂപയും ഭരണ ചെലവ് ഇനത്തിൽ 95 കോടി

രൂപയും കുടിശ്ശിക വരുത്തിയിരിക്കുകയുമാണ്.

പുതിയ നിയമം പേര് മാറ്റം മാത്രമാണെന്നാണ് ചിലരെങ്കിലും കരുതുന്നത്. എന്നാൽ ഉത്തരവാദിത്വത്തിൽനിന്നും പിൻവാങ്ങിക്കൊണ്ട് തൊഴിലുറപ്പ് പദ്ധതിയുടെതന്നെ കഥ കഴിക്കുന്ന നടപടിയാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. തൊഴിൽ ദിനങ്ങളുടെ എണ്ണം 100-ൽനിന്നും 125 ആയി ഉയർത്തി എന്നാണ് അവകാശപ്പെടുന്നതെങ്കിലും കേന്ദ്രം നിശ്ചയിക്കുന്ന വിഹിതത്തിന്റെ (Normative allocation) 40 ശതമാനം സംസ്ഥാന സർക്കാർ വഹിക്കേണ്ടതുണ്ടെന്നാണ്. നിലവിലെ നിയമപ്രകാരം അംഗീകരിക്കപ്പെട്ട ലേബർ ബജറ്റിലെ തൊഴിൽദിനങ്ങൾക്ക് ഉപരിയായുള്ള തൊഴിൽദിനങ്ങൾ ചെയ്യുന്നതിൽ സംസ്ഥാനങ്ങൾക്ക് നിയന്ത്രണമുണ്ടായിരുന്നില്ല. എന്നാൽ ഇനി മുതൽ കേന്ദ്രം നിശ്ചയിക്കുന്ന തുകയുടെ 40 ശതമാനം വഹിക്കണമെന്നത് കൂടാതെ അധികം ചെയ്യുന്ന തൊഴിൽദിനങ്ങളുടെ പൂർണ്ണ ബാധ്യതയും സംസ്ഥാന സർക്കാരുകൾക്കാണ്. കൂടാതെ വകുപ്പ് 22(8) പ്രകാരം കൃത്യസമയത്ത് തൊഴിൽ നൽകാനായില്ലെങ്കിൽ തൊഴിലില്ലായ്മ വേതനവും

കൂലി നൽകാനായില്ലെങ്കിൽ ആയതിന്റെ നഷ്ടപരിഹാരവും പൂർണ്ണമായും സംസ്ഥാനം വഹിക്കണം. പദ്ധതിതന്നെ ഇല്ലാതാക്കുന്ന നടപടിയാണ് നിലവിലെ നിയമം റദ്ദാക്കി പുതിയ നിയമം കൊണ്ടുവന്നതിലൂടെ കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

ഈ വർഷം നൽകിയതുപോലെ കേന്ദ്രം അഞ്ച് കോടി തൊഴിൽദിനങ്ങളാണ് നിശ്ചയിച്ച് നൽകുന്നതെന്ന് കണക്കാക്കിയാൽ പുതിയ നിയമത്തിലെ വ്യവസ്ഥകൾപ്രകാരം നിലവിലെ വേതന നിരക്കിൽ 961 കോടി രൂപയുടെയും തൊഴിൽദിനങ്ങൾ 125 ആയി ഉയർത്തിയെന്നവകാശപ്പെടുന്ന സാഹചര്യത്തിൽ അതനുസരിച്ച് 12 കോടി തൊഴിൽദിനങ്ങൾ നൽകേണ്ടി വരികയാണെങ്കിൽ (അഞ്ച് കോടിക്ക് മുകളിൽ വരുന്നതിന്റെ 100 ശതമാനം ബാധ്യത ഉൾപ്പെടെ) 3544 കോടി രൂപയുടെയും അധിക ബാധ്യത സംസ്ഥാനത്തിനുണ്ടാകും. സംസ്ഥാനം 10 കോടി തൊഴിൽദിനങ്ങളാണ് സൃഷ്ടിക്കുന്നതെങ്കിൽ 2,806 കോടി രൂപയുടെ അധിക ബാധ്യതയുണ്ടാകും.

ഇതുകൂടാതെ വകുപ്പ് 4(4) പ്രകാരം ഗ്രാമപഞ്ചായത്തുകളെ A, B, C

എന്നിങ്ങനെ വർഗ്ഗീകരിക്കാനും വകുപ്പ് 5(1) പ്രകാരം കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന ഗ്രാമീണ മേഖലകളിൽ മാത്രമാണ് 125 ദിവസത്തെ തൊഴിലുറപ്പുണ്ടാവുകയെന്നും പുതിയ നിയമത്തിൽ വ്യവസ്ഥയുണ്ട്. ഇതുപ്രകാരം കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യാത്ത ഗ്രാമീണ മേഖലകളിൽ തൊഴിൽ നൽകുന്ന പക്ഷം ആയതിന്റെ പൂർണ്ണ ബാധ്യതയും സംസ്ഥാനം വഹിക്കേണ്ടിവരും.

അടുത്ത സാമ്പത്തികവർഷത്തേക്കുള്ള ലേബർ ബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പുരോഗതിയിലാണ്. മഹാത്മാഗാന്ധിയുടെ പേര് ഒഴിവാക്കുക മാത്രമല്ല നിലവിലെ നിയമത്തിന്റെ അന്തഃസത്ത തകർത്തുകൊണ്ട് സംസ്ഥാനങ്ങളുടെ മേൽ കടുത്ത സാമ്പത്തിക ബാധ്യത അടിച്ചേൽപ്പിക്കുന്ന പുതിയ നിയമം ഏറെ പ്രതിഷേധാർഹമാണ്.

പ്രതിപക്ഷത്തിന്റെകൂടി സഹകരണത്തോടെ സംസ്ഥാനത്തിന്റെയാകെ വികാരവും പ്രതിഷേധവും സഭയുടെ ഏകകണ്ഠമായ പ്രമേയമായി കേന്ദ്രസർക്കാരിനെ അറിയിക്കാനാണ്

സർക്കാർ ആഗ്രഹിച്ചത്.